14-ാം കേരള നിയമ സഭ

9-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2123 01-02-2018 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ തെറ്റായ പ്രവണതകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അടൂർ പ്രകാശ് | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നിലനിന്നിരുന്ന തെറ്റായ പ്രവണതകൾ ഇല്ലാതാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; | (എ) ബഹു. സുപ്രീംകോടതിയുടെ ഉത്തരവുകളുടെയും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കും അനുസൃതമായി മെഡിക്കൽ പ്രവേശനത്തിന് ഏകീകൃത പ്രവേശന പരീക്ഷയും ഏകീകൃത കൗൺസലിംഗും നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്തും 2017-2018 അധ്യയനവർഷം മെഡിക്കൽ പ്രവേശനം നടത്തിയിട്ടുള്ളത് ഏകീകൃത കൗൺസലിംഗ് വഴിയാണ്. ഇതിലൂടെ സ്വാശ്രയ മാനേജ്മെന്റുകൾക്ക് പ്രവേശനത്തിന് തലവരിപ്പണം വാങ്ങാനുള്ള സാധ്യത ഇല്ലാതായിട്ടുണ്ട്. സ്വാശ്രയ കോളേജുകളടക്കം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് മെറിറ്റും സാമൂഹികനീതിയും പാലിച്ചും കൊണ്ടുമാത്രം പ്രവേശനം ഉറപ്പുവരുത്താനായിട്ടുണ്ട്. കൂടാതെ മെഡിക്കൽ പ്രവേശനം സുതാര്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (ബി) സർക്കാർ തലത്തിൽ കൈക്കൊണ്ട ചില നടപടികൾ കോടതി ഇടപെടലിനും അതുമൂലം മെരിറ്റിൽ പ്രവേശനം നേടിയ ഉയർന്ന റാങ്കുള്ള വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ് പ്രവേശനം നേടുന്നതിന് 11 ലക്ഷം രൂപ ഫീസും ബാങ്ക് ഗ്യാരന്റിയുമായി നൽകേണ്ട അവസ്ഥ സംജാതമായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) 2017-18 വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിന് അഡ്മിഷൻ & ഫീ റെഗുലേറ്ററി സമിതി നിശ്ചിച്ച താല്കാലിക ഫീസിനെതിരെ ചില മാനേജ്മെന്റുകൾ കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിലാണ് അഞ്ച് ലക്ഷം രൂപ ഫീസിനത്തിലും ആറ് ലക്ഷം രൂപ ബാങ്ക് ഗ്യാരണ്ടിയായും താൽകാലികമായി ഈടാക്കാൻ കോടതി അനുമതി നൽകിയത്. താൽകാലിക ഫീസിന് പുറമെയുള്ള ഈ |

അധിക തുകയായ 6 ലക്ഷം രൂപയ്ക്ക് ബാങ്ക് ഗ്യാരണ്ടി സർക്കാർ തലത്തിൽ നൽകുന്നതിനുള്ള പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ട്. സർക്കാർ തലത്തിലുള്ള ഏതെങ്കിലും ഇടപെടലുകൾ ഇതിന് കാരണമായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. അന്തിമഫീസ് നിർണ്ണയം ടി സമിതി നടത്തി വരുന്നു.

(സി) പ്രവേശന മേൽനോട്ട-ഫീസ് നിർണ്ണയ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ; പ്രസ്തുത സമിതിയുടെ അംഗസംഖ്യ പരിമിതപ്പെടുത്തണമെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പ്രസ്തുത സമിതിയുടെ അംഗസംഖ്യ പരിമിതപ്പെടുത്തണമെന്ന കോടതി വിധിയുടെ പശ്ചാത്തലത്തിൽ നിയമ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ